**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3342** **04-08-2021 - ൽ മറുപടിയ്ക്ക്**

**മാലിന്യമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്ത് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്നതിനായി ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ മേൽനോട്ടത്തിൽ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (നഗരം) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിച്ചാണ് സംസ്ഥാനത്ത് മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കി വരുന്നത്. സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (റൂറൽ), ശുചിത്വ കേരളം (അർബൻ) എന്നിവയ്ക്ക് കീഴിലും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അമൃത് മിഷൻ, IMPACT Kerala Ltd എന്നിവയ്ക്ക് കീഴിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കി വരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫുകളിലും, ആർ.ആർ.എഫുകളിലും എത്തിക്കുന്നതിനായി ഹരിതകർമ്മസേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾക്കൊപ്പം സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നഗരങ്ങളെയും അനുബന്ധപ്രദേശങ്ങളെയും മാലിന്യമുക്തമാക്കുന്നതിനായി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് എന്ന പദ്ധതി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യം നേടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യം നേടുന്നതിന്റെ ഭാഗമായി നഗരപ്രദേശങ്ങളിലെയും അനുബന്ധപ്രദേശങ്ങളിലെയും മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു ലോകബാങ്ക് സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി പുതുതായി വിഭാവനം ചെയ്തിട്ടുണ്ട്. ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന പദ്ധതികളെ ഏകോപിപ്പിച്ച് കൊണ്ട് ലോക ബാങ്ക് സഹായത്തോടുകൂടിയുള്ള മാലിന്യ സംസ്കരണ പദ്ധതിയെ സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി രണ്ടാം ഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളെ Open Defecation Free Plus (ODF+) ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ് |

സെക്ഷൻ ഓഫീസർ